പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6962 — 13.07.2012-ൽ മറുപടിക്ക്

മിനിമം വേജസ് അഡ്വൈസറി ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. കെ. അച്ചുതൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മിനിമം വേജസ് അഡ്വൈസറി ബോർഡ് നിലവിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും കർത്തവ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള കുറഞ്ഞകൂലി കാലാകാലങ്ങളിൽ പുതുക്കുന്നതിനും നിയമിക്കുന്ന കമ്മിറ്റികളുടെയോ സബ്കമ്മിറ്റികളുടെയോ പ്രവർത്തനം ഏകോപിപ്പിക്കുകയോ കുറഞ്ഞ കൂലി നിശ്ചയിക്കാത്ത തൊഴിൽ മേഖലകളിൽ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനും നിശ്ചയിച്ച കുറഞ്ഞ കൂലി പുതുക്കുന്നതിനും സർക്കാരിന് ഉപദേശം നൽകുക എന്നതാണ് മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ചുമതലകൾ. |
| (സി) ബോർഡിന്റെ കാലാവധി എത്ര വർഷമാണ്? | (സി) അനൗദ്യോഗികാംഗങ്ങളുടെ കാലാവധി 2 വർഷമാണ്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ